# തീവ്രവാദം

[ Malayalam - മലയാളം - مليالم ]

﴿ فتنة التكفير وجريمة التفجير ﴾


മുഹമ്മദ് കുട്ടി കടന്നമണ്ണ

محمد كوتي أبو بكر



കോപറേറ്റീവ് ഓഫീസ് ഫോര്‍ കാള്‍ & ഗൈഡന്‍സ്
ബത്ത്ഹ – റിയാദ് – സൗദി അറേബ്യ

إعداد:

المكتب التعاوني للدعوة وتوعية الجاليات ببطحاء

بمدينة الرياض المملكة العربية السعودية

Web Edition by:

islamhouse.com

1431-2010

بسم الله الرحمن الرحيم

الحمد لله ، والصلاة والسلام على رسول الله ، وبعد:

ഈ അടുത്തകാലത്തായി ചില മുസ്ലിം നാടുകളിൽ കണ്ടു വരുന്ന വേദനജനകവും ഖേദകരവുമായ വിപത്തുകളാണ് മതഭ്രഷ്ട് കൽപ്പിക്കലും അതിന്റെ ഭാഗമായി അരങ്ങേറുന്ന നശീകരണ പ്രവർത്തനങ്ങളും. പലപ്പോഴും ഇത് ചാർത്തപ്പെടാറുള്ളത് മുസ്ലിം നാമധാരികളിലേക്കാണ്. ഈ അവസരം മുതലെടുത്തുകൊണ്ട് ഇസ്ലാമിന്റെ ശത്രുക്കൾ ഈ വിശുദ്ധ മതത്തെ വികലമായി ചിത്രീകരിക്കുന്നു. എന്നാൽ ഇവക്ക് ഇസ്ലാമുമായി യാതൊരു ബന്ധവുമില്ലെന്നത് ലോകം മനസ്സിലാക്കേണ്ട ഒരു യാഥാർത്ഥ്യമാണ്. ലോകത്തിനുമുമ്പിൽ ഇസ്ലാമിനെ തെറ്റിദ്ധരിക്കാൻ ഇടയാകുന്ന ഇത്തരം കുറ്റകൃത്യങ്ങളിൽ നിന്നും താക്കീത് ചെയ്യുന്നതും അവർക്കുള്ള ഭയാനകമായ ശിക്ഷയെ മുന്നറിയിപ്പ് നൽകുന്നതുമായ വചനങ്ങൾ വിശുദ്ധ ഖുർആനിലും തിരുനബി(ﷺ)യുടെ വചനങ്ങളിലും നിറഞ്ഞുകിടക്കുകയാണ്. മേൽപ്പറഞ്ഞ കുറ്റങ്ങൾ വിവിധ രൂപങ്ങളിൽ ഇസ്ലാമിക ശരീഅത്തിനോട് എതിരാവുന്നു. അവയിൽ ചിലകാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുന്നു:

**1) മുസ്ലിമിനെ വധിക്കൽ:**

ഭയങ്കരമായ പാതകമാണ് ഒരു മുസ്ലിമിനെ വധി ക്കുക എന്നത്. ശക്തമായ ഭാഷയിലാണ് വിശുദ്ധ ഖുർആൻ ഇത്തരം കൊലപാതകികളെ താക്കീത് ചെയ്തിട്ടുള്ളത്. അല്ലാഹു പറയുന്നു:

( وَمَن يَقْتُلْ مُؤْمِنًا مُّتَعَمِّدًا فَجَزَآؤُهُ جَهَنَّمُ خَالِدًا فِيهَا وَغَضِبَ اللَّهُ عَلَيْهِ وَلَعَنَهُ وَأَعَدَّ لَهُ عَذَابًا عَظِيمًا ) ( النساء : ٩٣ )

‘ആരെങ്കിലും ഒരു സത്യവിശ്വാസിയെ മനഃപ്പൂർവ്വം കൊലപ്പെടുത്തുന്നപക്ഷം അവന്നുള്ള പ്രതിഫലം നരകമാകുന്നു. അവനതിൽ നിത്യവാസിയായിരിക്കും. അവന്റെ നേരെ അല്ലാഹു കോപിക്കുകയും, അവനെ ശപിക്കുകയും ചെയ്തിരിക്കുന്നു. കനത്ത ശിക്ഷയാണ് അവനുവേണ്ടി അല്ലാഹു ഒരുക്കിവെച്ചിട്ടുള്ളത് ’ (നിസാഅ് : 93).

**നബി (ﷺ)പറഞ്ഞു:**

( إِنَّ دِمَاءَكُمْ وَأَمْوَالَكُمْ حَرَامٌ عَلَيْكُمْ كَحُرْمَةِ يَوْمِكُمْ هَذَا فِي شَهْرِكُمْ هَذَا فِي بَلَدِكُمْ هذَا ) ( مسلم )

‘ഈ നാട്ടിൽ ഈ മാസത്തിൽ ഈ ദിവസത്തിന്റെ പവിത്രത പോലെ തീർച്ചയായും നിങ്ങൾക്ക് നിങ്ങളുടെ രക്തവും സമ്പത്തും അന്യോന്യം പവിത്രമാണ്‘ (മുസ്‌ലിം).

**2)കരാറിലുള്ളവരെയും നിർഭയരെയും വധിക്കൽ:**

നിരപരാധികളെയും നിർഭയരെയും മുസ്‌ലിംകളോട് കരാറിൽ കഴിയുന്നവരെയും വധിക്കൽ ഭയങ്കരമായ പാതകമായി ഇസ്‌ലാം കാണുന്നു. ഈ വിഷയത്തിലും വന്നിട്ടുള്ള തിരുവചനങ്ങൾ ധാരാളമാണ്. അബ്ദുല്ലാഹിബ്നുഅംറ്(ﷺ)വിൽ നിന്നും നിവേദനം, നബി(ﷺ) പറഞ്ഞു:

( مَنْ قَتَلَ مُعَاهَدًا لَمْ يَرَحْ رَائِحَةَ الْجَنَّةِ وَإِنَّ رِيحَهَا لَيُوجَدُ مِنْ مَسِيرَةِ أَرْبَعِينَ عَامًا ) ( بخاري )

‘മുസ്‌ലിംകളോട് കരാർചെയ്ത ഒരാളെ ആരെങ്കിലും കൊന്നാൽ സ്വർഗ്ഗത്തിന്റെ പരിമളം പോലും അവന് ലഭിക്കുകയില്ല. അതിൻെറ പരിമളമാവട്ടെ നാൽപ്പത് വർഷത്തെ വഴിദൂരം അകലെ നിന്നുപോലും അനുഭവപ്പെടുന്നതാണ്‘ (ബുഖാരി).

ഈ പാതകം ചെയ്യുന്നവന്നുള്ള ശിക്ഷയുടെ കാഠിന്യം ബോധ്യപ്പെടാൻ ഈയൊരു നബിവചനം തന്നെ മതിയായതാണ്. നബി (ﷺ) പറഞ്ഞു:

( ذِمَّةُ الْمُسْلِمِينَ وَاحِدَةٌ يَسْعَى بِهَا أَدْنَاهُمْ فَمَنْ أَخْفَرَ مُسْلِمًا فَعَلَيْهِ لَعْنَةُ اللَّهِ وَالْمَلَائِكَةِ وَالنَّاسِ أَجْمَعِينَ لَا يُقْبَلُ مِنْهُ يَوْمَ الْقِيَامَةِ صَرْفٌ وَلَا عَدْلٌ ) ( بخاري )

'മുസ്‌ലിംകൾക്കെല്ലാവർക്കും കൂട്ടുത്തരവാദിത്വമാണ്. അവരിൽ ഏറ്റവും താഴെക്കിടയിലുള്ളവനും അതുമായിത്തന്നെ ഗമിക്കുന്നു. അതിനാൽ ആരെങ്കിലും ഒരു മുസ്‌ലിമിന്റെ കരാറിനെ ലംഘിച്ചാൽ അവന്റെ മേൽ അല്ലാഹുവിന്റെയും മലക്കുകളുടെയും മുഴുവൻ മനുഷ്യരുടെയും ശാപം ഉണ്ടാവട്ടെ. അന്ത്യ നാളിൽ അവനിൽ നിന്ന് യാതൊരു പ്രായശ്ചിത്തമോ നീതിയോ സ്വീകരിക്കപ്പെടുന്നതല്ല' (ബുഖാരി).

മുസ്‌ലിമിനെ കരാറിനെ ലംഘിക്കുന്നതിൽ ഏറ്റവും ഗൗരവമേറിയതാണ് മുസ്‌ലിമുമായി കരാറിലേർപ്പെട്ട, മുസ്‌ലിമിന്റെ അഭയത്തിൽ കഴിയുന്ന ഒരാളെ വധിക്കുകയെന്നത്.

**3) ഭൂമിയിൽ കുഴപ്പമുണ്ടാക്കൽ:**

അല്ലാഹു പറയുന്നു:

( وَمِنَ النَّاسِ مَن يُعْجِبُكَ قَوْلُهُ فِي الْحَيَاةِ الدُّنْيَا وَيُشْهِدُ اللَّهَ عَلَىٰ مَا فِي قَلْبِهِ وَهُوَ أَلَدُّ الْخِصَامِ ، وَإِذَا تَوَلَّىٰ سَعَىٰ فِي الْأَرْضِ لِيُفْسِدَ فِيهَا وَيُهْلِكَ الْحَرْثَ وَالنَّسْلَ وَاللَّهُ لَا يُحِبُّ الْفَسَادَ ) ( البقرة : ٢٠٤،٢٠٥ )

'ചില ആളുകളുണ്ട്. ഐഹിക ജീവിത കാര്യത്തിൽ അവരുടെ സംസാരം നിനക്ക് കൗതുകം തോന്നിക്കും. അവരുടെ ഹൃദയശുദ്ധിക്ക് അവർ അല്ലാഹുവെ സാക്ഷി നിർത്തുകയും ചെയ്യും. വാസ്തവത്തിൽ അവർ (സത്യത്തിന്റെ) കഠിനവൈരികളത്രെ. അവർ തിരിച്ചു പോയാൽ ഭൂമിയിൽ കുഴപ്പമുണ്ടാക്കാനും, വിള നശിപ്പിക്കാനും, ജീവനൊടുക്കാനുമായിരിക്കും ശ്രമിക്കുക. നശീകരണം അല്ലാഹു ഇഷ്ടപ്പെടുന്നതല്ല' (ബഖറ : 204,205).

( وَلاَ تُفْسِدُواْ فِي الأَرْضِ بَعْدَ إِصْلاَحِهَا ) ( الأعراف: ٥٦ )

‘ഭൂമിയിൽ നന്മ വരുത്തിയതിന് ശേഷം നിങ്ങളവിടെ നാശമുണ്ടാക്കരുത്‘ (അഅ്റാഫ്: 56).

ഈ വചനങ്ങളിലൂടെ അല്ലാഹു എല്ലാതരം കുഴപ്പങ്ങളെയും നിരോധിക്കുകയും നന്മയുടെ മുഴുവൻ മാർഗ്ഗങ്ങളും ഉപയോഗപ്പെടുത്താൻ കൽപ്പിക്കുകയും ചെയ്യുന്നു.

**4)നന്മയും തിന്മയും മാറ്റിമറിക്കൽ:**

നന്മയെ തിന്മയായും തിന്മയെ നന്മയായും മാറ്റിമറിക്കുന്നു, എന്നിട്ടത് അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ധർമ്മസമരമാണെന്ന് വാദിക്കുകയും ചെയ്യുന്നു. എന്നാലത് തിന്മയും മ്ലേച്ഛവുമാണെന്നതാണ് യാഥാർത്ഥ്യം. അത് ജിഹാദല്ല തന്നെ. കേവലവാദങ്ങളല്ല, മറിച്ച് പ്രമാണങ്ങളാണ് അടിസ്ഥാനം. നബി (ﷺ)പറഞ്ഞു:

( يَشْرَبُ نَاسٌ مِنْ أُمَّتِي الْخَمْرَ يُسَمُّونَهَا بِغَيْرِ اسْمِهَا ) ( طبراني )

‘മദ്യത്തിന് അതിന്റേതല്ലാത്ത മറ്റു പേരുകൾ നൽകി അത് കുടിക്കുന്ന ഒരു സമൂഹം വരികതന്നെ ചെയ്യും‘ (ത്വബ്റാനി).

**5) മതത്തിൽ പുതിയ ആചാരങ്ങൾ കടത്തിക്കൂട്ടൽ:**

ഹദീസിൽ കാണാം, ആയിശ (رضي الله عنها)യിൽ നിന്നും നിവേദനം, നബി (ﷺ)പറയുന്നു:

( مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ مِنْهُ فَهُوَ رَدٌّ ) ( بخاري )

‘നമ്മുടെ ഈ കാര്യത്തിൽ (മതത്തിൽ) ആരെങ്കിലും അതിലില്ലാത്തത് പുതുതായി കടത്തിക്കൂട്ടിയാൽ അത് തള്ളപ്പെടേണ്ടതാകുന്നു’ (ബുഖാരി).

**6)രാഷ്ട്രനായകരെ ധിക്കരിക്കൽ, അവർക്കെതിരെ കലാപമുണ്ടാക്കൽ:**

ദൈവ ധിക്കാരപരമായതല്ലാത്ത കാര്യങ്ങളിൽ ഇസ്‌ലാമിക രാഷ്ട്ര നേതൃത്വത്തെ അനുസരിക്കൽ പ്രജകളുടെ നിർബന്ധ ബാധ്യതയാണ്. അല്ലാഹുപറയുന്നു:

( يَا أَيُّهَا الَّذِينَ آمَنُواْ أَطِيعُواْ اللّهَ وَأَطِيعُواْ الرَّسُولَ وَأُوْلِي الأَمْرِ مِنكُمْ ) ( النساء : ٥٩ )

'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക' (നിസാഅ്: 59).

നന്മയുടെ കാര്യത്തിൽ അനുസരിക്കാത്തവനും ഇസ്‌ലാമിക ഭരണ നേതൃത്വത്തിനെതിരിൽ ഇറങ്ങിപ്പുറപ്പെടുന്നവനും സച്ചരിതരുടെ പാതക്കും അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ വിശ്വാസ സംഹിതക്കും എതിരായവനാണ്.

**7) മുസ്‌ലിംകൾക്കിടയിൽ ഉറങ്ങിക്കിടക്കുന്ന കുഴപ്പം ഇളക്കിവിടൽ, മുസ്‌ലിം ഭരണാധികാരികളുടെയും പണ്ഡിതരുടെയും പേരിൽ അനാവശ്യങ്ങൾ പ്രചരിപ്പിക്കൽ, അവർക്കിടയിൽ തമ്മതമ്മിൽ സ്പർദ്ധ വളർത്തൽ:**

**നബി (ﷺ)റഞ്ഞു:**

( لَيْسَ مِنْ أُمَّتِي مَنْ لَمْ يُجِلَّ كَبِيرَنَا وَيَرْحَمْ صَغِيرَنَا وَيَعْرِفْ لِعَالِمِنَا حَقَّهُ ) ( أحمد )

'നമ്മിലെ വലിയവരെ ബഹുമാനിക്കാത്തവനും, നമ്മിലെ ചെറിയവരോട് കരുണ ചെയ്യാത്തവനും, നമ്മുടെ പണ്ഡിതർക്ക് അവരുടെ സ്ഥാനം നൽകുകയും ചെയ്യാത്തവനും നമ്മിൽ പെട്ടവനല്ല' (അഹ്മദ്).

സഹ്‌ലുബ്നു അബ്ദില്ലാ തസത്തുരി(رحمه الله) പറയുന്നു: 'ഭരണാധികാരിക്കും പണ്ഡിതന്മാർക്കും ആദരവ് നൽകുന്നിടത്തോളം സമുദായം നന്മയിലായിരിക്കും. ഈ രണ്ടുകൂട്ടരെയും ആദരിക്കുന്ന പക്ഷം അവരുടെ ഇഹലോകവും പരലോകവും അല്ലാഹു നന്നാ

ക്കിക്കൊടുക്കും. ഈ രണ്ടുകൂട്ടരെയും അവർ നിസ്സാരമായിക്കണ്ടാൽ അവരുടെ ഇഹലോകവും പരലോകവും അവർ നശിപ്പിക്കുകയും ചെയ്തു' (അസ്ബഹാനി).

**8) വിജ്ഞാനഹീനരും സ്വാർത്ഥരുമായ ആളുകൾ ഫത്‌വ നൽകൽ:**

**വിവരമില്ലാത്തത് അല്ലാഹുവിന്റെ പേരിൽ പറയുന്നതിനെതിരെ അല്ലാഹു താക്കീത് ചെയ്യുകയുണ്ടായി. അല്ലാഹു പറയുന്നു:**

( وَلاَ تَقْفُ مَا لَيْسَ لَكَ بِهِ عِلْمٌ ) ( الإسراء : ٣٦ )

'നിനക്കറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്' (ഇസ്റാഅ്: 36).

വിവരമുള്ളവരോട് ചോദിച്ചറിയൽ നിർബന്ധമാണെന്നും അവൻ വ്യക്തമാക്കി. അല്ലാഹു പറയുന്നു:

( فَاسْأَلُواْ أَهْلَ الذِّكْرِ إِن كُنتُمْ لاَ تَعْلَمُونَ ) ( النحل : ٤٣ )

'നിങ്ങൾക്ക് അറിഞ്ഞുകൂടെങ്കിൽ (വേദം മുഖേന) ഉൽബോധനം ലഭിച്ചവരോട് നിങ്ങൾ ചോദിച്ചു നോക്കുക' (നഹ്ൽ: 43).

**പ്രശ്നങ്ങളുണ്ടാവുമ്പോൾ അത് അവരിലേക്ക് മടക്കണമെന്നും അല്ലാഹു കൽപ്പിച്ചു.**

അവൻ പറയുന്നു:

( وَإِذَا جَاءهُمْ أَمْرٌ مِّنَ الأَمْنِ أَوِ الْخَوْفِ أَذَاعُواْ بِهِ وَلَوْ رَدُّوهُ إِلَى الرَّسُولِ وَإِلَى أُوْلِي الأَمْرِ مِنْهُمْ لَعَلِمَهُ الَّذِينَ يَسْتَنبِطُونَهُ مِنْهُمْ وَلَوْلاَ فَضْلُ اللّهِ عَلَيْكُمْ وَرَحْمَتُهُ لاَتَّبَعْتُمُ الشَّيْطَانَ إِلاَّ قَلِيلاً ) ( النساء : ٨٣ )

'സമാധാനവുമായോ (യുദ്ധ) ഭീതിയുമായോ ബന്ധപ്പെട്ട വല്ല വാർത്തയും അവർക്ക് വന്നുകിട്ടിയാൽ അവരത് പ്രചരിപ്പിക്കുകയായി.

അവരത് റസൂലിന്റെയും അവരിലെ കാര്യവിവരമുള്ളവരുടെയും തീരുമാനത്തിന് വിട്ടിരുന്നുവെങ്കിൽ അവരുടെ കൂട്ടത്തിൽ അത് നിരീക്ഷിച്ച് മനസ്സിലാക്കാൻ കഴിവുള്ളവർ അതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊള്ളുമായിരുന്നു. നിങ്ങളുടെ മേൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ നിങ്ങളിൽ അൽപ്പം ചിലരൊഴികെ പിശാചിനെ പിൻപറ്റുമായിരുന്നു' (നിസാഅ്: 83).

**9) ആദരിക്കപ്പെടേണ്ട, പൊതു-സ്വകാര്യ സ്വത്തുക്കൾ നശിപ്പിക്കൽ:**

നബി (ﷺ) പറഞ്ഞു:

( إِنَّ دِمَاءَكُمْ وَأَمْوَالَكُمْ حَرَامٌ عَلَيْكُمْ كَحُرْمَةِ يَوْمِكُمْ هَذَا فِي شَهْرِكُمْ هَذَا فِي بَلَدِكُمْ هَذَا ) ( مسلم )

'ഈ നാട്ടിൽ ഈ മാസത്തിൽ ഈ ദിവസത്തിന്റെ പവിത്രത പോലെ തീർച്ചയായും നിങ്ങൾക്ക് നിങ്ങളുടെ രക്തവും സമ്പത്തും അന്യോന്യം പവിത്രമാണ്' (മുസ്‌ലിം).

ഇവിടെ സമ്പത്തിന്റെ പവിത്രതയെ നബി(ﷺ) രക്തത്തിന്റെ പവിത്രതയോടാണ് ഉപമിച്ചിട്ടുള്ളത്. ഭീകര നശീകരണ പ്രവർത്തനങ്ങൾ മുസ്‌ലിംകളുടെ സമ്പത്തും വീടുകളും കുറച്ചൊന്നുമല്ല നശിപ്പിച്ചു കളഞ്ഞത്. അതിനുമപ്പുറം അല്ലാഹുവിന്റെ പരിശുദ്ധ ഹറമും പള്ളികളും പോലും കൈയേറ്റം ചെയ്യപ്പെട്ടു.

**10) മുസ്‌ലിംകളെ ഭയപ്പെടുത്തൽ:**

നബി(ﷺ) ഇതിനെ വിരോധിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു:

( مَنْ أَشَارَ عَلَى أَخِيهِ بِحَدِيدَةٍ لَعَنَتْهُ الْمَلَائِكَةُ ) ( ترمذي )

'ഒരു മനുഷ്യൻ തന്റെ സഹോദരനുനേരെ ആയുധമുയർത്തിയാൽ മലക്കുകൾ അയാളെ ശപിക്കുന്നതാണ്' (തുർമുദി).

ആയുധമുയർത്തി ഭയപ്പെടുത്തുന്നതിന്റെ കാര്യമാണിവിടെ പറഞ്ഞത്. എന്നിരിക്കെ കുറ്റകരമായ ഇത്തരം നശീകരണപ്രവർത്തനങ്ങളിലൂടെ ഭയപ്പെടുത്തുന്നതിന്റെ ഗൗരവമെത്രയായിരിക്കും!? നബി(ﷺ)പറഞ്ഞു:

( لَا يَحِلُّ لِمُسْلِمٍ أَنْ يُرَوِّعَ مُسْلِمًا ) ( أبوداود )

'ഒരു മുസ്ലിമിനും മറ്റൊരു മുസ്ലിമിനെ ഭയപ്പെടുത്തൽ അനുവദനീയമല്ല' (അബൂദാവൂദ്).

**11) മനുഷ്യൻ സ്വയം വധിക്കൽ:**

അല്ലാഹു പറയുന്നു:

( وَلَا تَقْتُلُوٓاْ أَنفُسَكُمْ ) ( النساء : ٢٩ )

'നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്' (നിസാഅ്: 29).

അബൂഹുറൈറ(رضي الله عنه)വിൽ നിന്നും നിവേദനം, നബി(ﷺ) പറഞ്ഞു:

( مَنْ قَتَلَ نَفْسَهُ بِحَدِيدَةٍ فَحَدِيدَتُهُ فِي يَدِهِ يَتَوَجَّأُ بِهَا فِي بَطْنِهِ فِي نَارِ جَهَنَّمَ خَالِدًا مُخَلَّدًا فِيهَا أَبَدًا ) ( بخاري )

'ആരെങ്കിലും ഒരു ഇരുമ്പുകൊണ്ട് (ആയുധം കൊണ്ട്) ആത്മഹത്യ ചെയ്താൽ തന്റെ കൈയിലുള്ള ആ ആയുധം കൊണ്ട് സ്വ ഉദരത്തിൽ കുത്തിക്കൊണ്ടിരിക്കുന്ന നിലയിൽ, ഒരിക്കലും അവസാനിക്കാത്ത വിധം നരകത്തീയിൽ അവൻ ശാശ്വതനായിരിക്കും' (ബുഖാരി).

ഭീകര നശീകരണ പ്രവർത്തനങ്ങൾക്കും മതഭ്രഷ്ട് കൽപ്പിക്കുന്നതിനുമെതിരെ ബോധവാന്മാരാവേണ്ടതും സമുദായത്തിന്റെ സുരക്ഷിതത്വവും, കുഴപ്പങ്ങളിൽ നിന്നും നാശങ്ങളിൽ നിന്നും സമുദായത്തിന്റെ സുരക്ഷയും അല്ലാഹു ഓരോ മുസ്ലിമിന്റെയും

ബാധ്യതയായി ഏർപ്പെടുത്തിയിരിക്കുകയാണ്. എല്ലാവിധ നന്മകളിലും സഹകരിക്കലും തിന്മയെ– വിശിഷ്യാ ഇത്തരം ഭീകരപ്രവർത്തനങ്ങളെ– തടുക്കലും ഓരോ മുസ്‌ലിമിന്റെയും ഉത്തരവാദിത്വമാണ്. നബി പറഞ്ഞു:

( كُلُّكُمْ رَاعٍ وَكُلُّكُمْ مَسْئُولٌ عَنْ رَعِيَّتِهِ ) ( بخاري )

‘നിങ്ങളോരോരുത്തരും ഭരണാധികാരികളാണ്, തങ്ങളുടെ ഭരണീയരെക്കുറിച്ച് ഓരോരുത്തരും ചോദിക്കപ്പെടുന്നവരുമാണ’ (ബുഖാരി).

ഈ കുഴപ്പത്തെ നേരിടുന്നതിൽ പ്രധാന പങ്കു വഹിക്കാനുള്ളത് പണ്ഡിതന്മാർക്കും പ്രബോധകർക്കുമാണ്. പള്ളി ഇമാം, ഖത്വീബ്, പ്രാസംഗികർ പോലെയുള്ളവർക്ക് തങ്ങളുടെ പ്രഭാഷണങ്ങളിലൂടെയും ഖുതുബകളിലൂടെയും ഉപദേശങ്ങളിലൂടെയും ഇതിൽ വളരെ വലിയ പങ്ക് വഹിക്കാൻ കഴിയും. സമുദായ ഐക്യവും കെട്ടുറപ്പും കാത്തുസൂക്ഷിക്കലും ഇപ്രകാരം വിശ്വാസികളുടെ ബാധ്യതയാണ്. അല്ലാഹു പറയുന്നു:

( وَاعْتَصِمُواْ بِحَبْلِ اللّه جَمِيعًا وَلاَ تَفَرَّقُواْ ) ( آل عمران : ١٠٣ )

‘അല്ലാഹുവിന്റെ പാശം നിങ്ങളൊന്നിച്ച് മുറുകെപ്പിടിക്കുക, നിങ്ങൾ ഭിന്നിച്ചുപോകരുത്‘ (3: 103).

എല്ലാവിധ നാശങ്ങളിൽ നിന്നും കുഴപ്പങ്ങളിൽ നിന്നും അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ, ആമീൻ.

وآخر دعوانا أن الحمد لله رب العالمين

***********